മറ്റാ അത്യാവശ്യമുള്ള തുണി ലഭിക്കാതെ ജനങ്ങൾ വൈഷമ്യം അനുഭവിക്കുന്നുവെന്നുള്ള സംഗതി ഗവണ്മെൻറിന്റെ മുമ്പാകെ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ അടിയന്തിരപ്രമേയം കൊണ്ടുവന്നത്. മുമ്പ് കൺട്രോൾ നിലവിലിരുന്ന കാലത്തു് ഇവിടത്തെ പല കച്ചവടക്കാരും തുണി പുറത്തെടുക്കാതെ കരിഞ്ചന്തയിൽ വിറ്റു കൊണ്ടിരുന്നുവെന്നുള്ളതു് പരമാർത്ഥമാണ്. അതിനു് ഇവിടത്തെ കച്ചവടക്കാർക്കു വലിയ സാമർത്ഥ്യമുണ്ടെന്നുള്ളതും അറിയാവുന്ന സംഗതിയാണ്. അതുകൊണ്ടു് അവർ ഉള്ള തുണിയെല്ലാം ഉടനടി വിറ്റഴിച്ചു കൊള്ളുമെന്നുള്ള വിശ്വാസം ശരിയല്ല. ഏതായാലും വേണ്ട നടപടി കൈക്കൊള്ളുന്നതാണെന്നുള്ള ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഉറപ്പു സ്വീകരിച്ചുകൊണ്ടു് അടിയന്തിരപ്രമേയം പിൻവലിക്കുന്നു.

MR. PRESIDENT : അടിയന്തിരപ്രമേയം പിൻവലിക്കുന്നതിനു് സഭ അനുവദിക്കുന്നുവെന്നു വിശ്വസിക്കുന്നു.

COMMITTEE ON PETITIONS.

MR. PRESIDENT : നിയമസഭാ സ്റ്റാൻഡിംഗ് ഓർഡർ നമ്പർ വകുപ്പ് അനുസരിച്ചു് ഉള്ള അധികാരമുപയോഗിച്ചു ഒരു ഹർജി കമ്മിറ്റിയെ നിയമിക്കേണ്ടതായിട്ടുണ്ടു്. അതിനാൽ അതിലേക്കുള്ള ഒരു കമ്മിറ്റിയെ നിയമിക്കുന്നു. കമ്മിറ്റിയിൽ 5 അംഗങ്ങൾ ഉള്ളതും താഴെ പറയുന്നവർ അംഗങ്ങളായിരിക്കുന്നതുമാണ്.

മിസ്റ്റർ ടി. എ. അബ്ദുള്ളാ
,, കെ. എ. ഗംഗാധരമേനോൻ
,, അലക്സാണ്ടർ വാകയിൽ
,, ആർ. ശങ്കർ
,, യു. കെ. വാസുദേവനാശാരി

മി. ടി. എ. അബ്ദുള്ളാ കമ്മിറ്റിയുടെ പ്രസിഡണ്ടായിരിക്കുന്നതാണ്.

MR. K. R. ELANKATH : സർ, ബഡ്ജറിനെ അടിസ്ഥാനപ്പെടുത്തി ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതായിട്ടുണ്ടു്, അതായതു് ഡിപ്പാർട്ടുമെൻറുകളിലെ വാർഷിക റിപ്പോർട്ടുകൾ ലഭിക്കുന്ന കാര്യത്തെക്കുറിച്ചാണു്, മുൻപു് ഡിപ്പാർട്ടുമെൻറുകളിലെ വാർഷിക റിപ്പോർട്ടുകൾ മീനം മേടം ഈ മാസങ്ങളിൽ ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ വളരെ താമസിച്ചാണു കിട്ടിയിട്ടുള്ളതു്. മെംബ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Elankath]

റന്മാക്ക് ബഡ്ജറിനെക്കുറിച്ച് വാളിക്കുന്നതിനു മുൻപ് മുൻവർഷത്തെ വാർഷികറിപ്പോർട്ട പഠിക്കേണ്ടിയിരിക്കുന്നു. അങ്ങനെ നേരത്തെ പഠിച്ച് അതിനെക്കുറിച്ച് വാദപ്രതിവാദം നടത്തിയില്ലെങ്കിൽ ഈ ബഡ്ജറു സമ്മേളനംകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകുന്നില്ല. അതിനാൽ രണ്ടുമാസം മുൻപെങ്കിലും ഈ വാർഷിക റിപ്പോർട്ട് പരസ്യപ്പെടുത്തുകയും അത് മുൻകൂട്ടി മെംബറന്മാക്ക് അയച്ചുതരികയും ചെയ്യുന്നതിന് വേണ്ട നടപടി അങ്ങു സ്വീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. PRESIDENT : പ്രസിഡൻറിന് അതിനെക്കുറിച്ചുള്ള നടപടികൾ സ്വീകരിക്കാൻ യാതൊരു അധികാരവുമില്ല. ഗവണ്മെൻറാണ് അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതു്. ഗവണ്മെൻറ് അങ്ങനെ ചെയ്തില്ലെങ്കിൽ സഭയ്ക്ക് അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

STATEMENT REGARDING THE PROCEDURE FOR THE GENERAL DISCUSSION OF THE BUDGET FOR 1124 AND THE VOTING OF DEMANDS FOR GRANTS.

MR. PRESIDENT : എനിക്ക് ഒരു സ്റ്റേറുമെൻറു ചെയ്യേണ്ടതായിട്ടുണ്ട്.

Under Rule 40, the debate on the budget will begin today with a general discussion and be followed by the voting of demands for grants. Three days have been allowed for the general discussion and seven days have been set apart for the voting of demands. Unless the House wishes otherwise, the demands will be taken up in the order in which they are printed in the list of demands, copies of which have already been furnished to the Honourable Members. The demands under VIII—General Administration, XIII—Education and XXVI—P. W. D. may be discussed for one day each and not more than half a day will be allotted for each of the remaining demands.

Every member other than the Finance Minister will be allowed during the general discussion stage not more than 15 minutes. I hope Honourable Members will, while not unduly restraining themselves, allow as many members as possible to participate in the discussion.

When voting on the demands for grants every mover and the Honourable Minister who has the right of reply will be allowed 10 minutes each, and the other members 5 minutes each. It will facilitate business if Honourable Members giving notice of token motions will also specify the purpose underlying the proposed cut.

LIBRARY ARCHIVES Kerala Legislative Assembly